LIBRARY ARCHIVES Kerala Legislative Assembly

അലോപ്പതി

കൊല്ലം ജില്ലയിലെ കൊറ്റങ്കര പഞ്ചായത്തിൽ ആശുപത്രിയില്ല.

ആയുർവ്വേദം

കരുങ്കുളം, മഞ്ഞളൂർ, രാമങ്കരി, പള്ളിവാസൽ എന്നീ പഞ്ചായത്തുകളിൽ ആയുർവ്വേദ ഡിസ്പെൻസറികൾ ഇല്ല.

ഹോമിയോ

തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലെ 42 പഞ്ചായത്തുകളിൽ ഹോമിയോ ഡിസ്പെൻസറികൾ ഇല്ല. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) അലോപ്പതി വിഭാഗത്തിൽ കൊറ്റങ്കര ഗ്രാമപഞ്ചായത്തിൽ പി.എച്ച്.സി. ആരംഭിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഈ നടപ്പു സാമ്പത്തിക വർഷത്തിൽ ആയുർവ്വേദം, ഹോമിയോ ആശുപത്രികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) തിരുവനന്തപുരം നഗരസഭയിലെ ജഗതിയിൽ ഒരു ഗവണ്മെന്റ് ഡിസ്പെൻസറിയും വിവിധ ജില്ലകളിലായി 23 ഗ്രാമപഞ്ചായത്തുകളിൽ 23 പി.എച്ച്.സി.കളും 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ഹോമിയോപ്പതി വകുപ്പിൽ 110 ഡിസ്പെൻസറികളും പത്ത് കിടക്കകളോടുകൂടിയ മൂന്ന് ആശുപത്രികളും ആരംഭിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിൽ 77 ഗവണ്മെന്റ് ആയുർവ്വേദ ഡിസ്പെൻസറികളും 8 ഡിസ്പെൻസറികൾ അപ്ഗ്രേഡ് ചെയ്ത് ഗവണ്മെന്റ് ആയുർവ്വേദ ആശുപത്രികളും ആക്കിയിട്ടുണ്ട്.

**എബോള, പക്ഷിപ്പനി എന്നിവയ്ക്കെതിരെ മുൻകരുതൽ**

**29 (2580)** ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എബോള, പക്ഷിപ്പനി എന്നീ രോഗങ്ങൾക്കെതിരെ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത രോഗങ്ങൾ സംസ്ഥാനത്തെവിടെയെങ്കിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനം സംസ്ഥാനത്തു ലഭ്യമാണോ ; ഇല്ലെങ്കിൽ എപ്രകാരമാണ് ഇവ സ്ഥിരീകരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ രോഗങ്ങളെക്കുറിച്ച് എന്തെല്ലാം ബോധവത്ക്കരണ പരിപാടികൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) എബോള വൈറസ് രോഗം സംസ്ഥാനത്ത് വരാതിരിക്കാൻ വേണ്ടി യാത്രക്കാരുടെ പരിശോധനകൾ രാജ്യാന്തര വിമാനത്താവളങ്ങളിലും കൂടാതെ ഇറമുഖങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വരുന്ന യാത്രക്കാരെ 30 ദിവസത്തെ നിരീക്ഷണത്തിനും വിധേയ രാക്കുന്നു. രോഗം സംശയിക്കുന്നവരെ നിരീക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനും വേണ്ടി പ്രത്യേക ആശുപത്രികളിൽ പ്രാരംഭ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്.

പക്ഷിപ്പനി മനുഷ്യരിലേക്ക് പകരുന്നത് നിരീക്ഷിക്കുവാൻവേണ്ടി പക്ഷികളെ കൊന്നൊടുക്കിയ സ്ഥലങ്ങളുടെ 10 കി.മീ. ചുറ്റളവിലുള്ള പ്രദേശങ്ങളിൽ പനി നിരീക്ഷണം നടത്തുന്നുണ്ട്. കൂടാതെ പക്ഷികളെ കൊന്നൊടുക്കിയ ആൾക്കാർക്കും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച മൃഗസംരക്ഷണവകുപ്പ് ജീവനക്കാർക്കും പ്രതിരോധ മരുന്നുകൾ നൽകിയിട്ടുണ്ട്.

(ബി) എബോള വൈറസ് രോഗവും പക്ഷിപ്പനിയും ഇതുവരെ സംസ്ഥാന ത്തെവിടെയും മനുഷ്യരിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) എബോള, പക്ഷിപ്പനി രോഗങ്ങൾ സ്ഥിരീകരിക്കുന്നതിനാവശ്യമായ സംവിധാനം സംസ്ഥാനത്ത് ലഭ്യമല്ല. രോഗം സംശയിക്കുന്ന ആൾക്കാരുടെ സാമ്പിളുകൾ (രക്തം. തൊട്ട് സാബ്) ഡൽഹിയിലെ നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ, (NCDC), മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറൽ റിസർച്ച് (MICR), മണിപ്പാൽ എന്നിവിടങ്ങളിൽ അയച്ചാണ് സ്ഥിരീകരിക്കുന്നത്.

(ഡി) എബോള രോഗത്തെക്കുറിച്ച് യാത്രക്കാരെ ബോധവൽക്കരിക്കുന്ന തിനുവേണ്ടി വിമാനത്തിനുള്ളിൽ വച്ചുതന്നെ അവർക്ക് അറിയിപ്പുകളും ലഘുലേഖകളും വിതരണം ചെയ്യുന്നുണ്ട്. ഇത് കൂടാതെ വിമാനത്താവളങ്ങളിലും ഇറമുഖങ്ങളിലും മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സഹായത്തിനുവേണ്ടി ഹെൽപ്പ് ലൈൻ നമ്പർ - ദിശ-1056/0471-2552056 ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷിപ്പനി ബോധവൽക്കരണത്തിന്റെ ഭാഗമായി ലീഫ്‌ലെറ്റുകൾ, ബിറ്റ് നോട്ടീസുകൾ ഇവ പുറത്തിറക്കിയിട്ടുണ്ട്. പത്രപരസ്യം നൽകിയിട്ടുമുണ്ട്. കൂടാതെ രോഗബാധിത പ്രദേശങ്ങളിൽ ജോലിയെടുക്കുന്ന ആരോഗ്യ വകുപ്പിലെ മെഡിക്കൽ, പാരാമെഡിക്കൽ വിഭാഗം ജീവനക്കാർക്ക് ബോധവൽക്കരണം നടത്തുകയും അവരിലൂടെ ഫീൽഡ് വിഭാഗം ജീവനക്കാർ രോഗബാധിത പ്രദേശങ്ങളിലെ വീടുകൾ സന്ദർശിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും ജനപ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ബോധവൽക്കരണ പരിപാടികളും നടന്നുവരുന്നു. പ്രാഥമികാരോഗ്യ കേന്ദ്രതലത്തിൽ രോഗബാധിത മേഖലകളിൽ ബാനറുകൾ, കോർണർ ബോർഡുകൾ എന്നിവ സ്ഥാപിച്ച് ബോധവൽക്കരണം ഊർജ്ജിത പെടുത്തുന്നുണ്ട്.

**സുകൃതം പദ്ധതി**

**30 (2581)** ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുകൃതം പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ ;

(ബി) എ.പി.എൽ., ബി.പി.എൽ. മാനദണ്ഡം ഒഴിവാക്കി മുഴുവൻ ക്യാൻസർ രോഗികൾക്കും സൗജന്യ ചികിത്സ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ക്യാൻസർ രോഗ ചികിത്സ പൂർണ്ണമായും സൗജന്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായാണ് ഇത് സംബന്ധമായ കണക്കുകൾ വ്യക്തമാക്കുന്നത്. വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണത്തിന് ആനുപാതികമായി സർക്കാർ മേഖലയിൽ ചികിത്സാ സൗകര്യങ്ങളും സാധാരണക്കാരന് താങ്ങാവുന്നതിലധികമായി വരുന്ന ചികിത്സാ ചെലവിന് ഇൻഷ്വറൻസ് പരിരക്ഷയും സംസ്ഥാനത്ത് അപര്യാപ്തമായിരുന്നു. കാൻസർകൊണ്ടുള്ള മരണനിരക്ക് വർദ്ധിക്കുന്നതിന് ഇത് കാരണമാകുന്നു എന്ന ബോധ്യപ്പെടലിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ കാൻസർ രോഗ ചികിത്സ സൗജന്യമാക്കുന്ന സുകൃതം പദ്ധതി ആരംഭിച്ചത്. ഇത് ആദ്യ ഘട്ടത്തിൽ

LIBRARY ARCHIVES Kerala Legislative Assembly